**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4669** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം തട്ടേക്കാട്-കുട്ടമ്പുഴ പൈപ്പ് ലൈൻ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കോതമംഗലം-പെരുമ്പൻകുത്ത് റോഡിൽ തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള 8 കിലോമീറ്റർ ദൂരം വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ റോഡ് നിർമ്മാണത്തിനായി മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പൊതുമരാമത്ത് വകുപ്പ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള റോഡ് വിപുലീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജല അതോറിറ്റിയുടെ കുട്ടമ്പുഴ ജലശുദ്ധീകരണശാല മുതൽ തട്ടേക്കാട് വരെയുള്ള 7241 മീറ്റർ പൈപ്പ് ലൈനിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കു വേണ്ടി 24.12.2020-ൽ പൊതുമരാമത്ത് വകുപ്പ് 1,18,30,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ അനിവാര്യത പരിഗണിച്ച് ഒന്നാം ഘട്ടമായി 740 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടാം ഘട്ടമായി ബാക്കി 6501 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. ഇതിനകം കേരള വാട്ടർ അതോറിറ്റി പൈപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് പുതുക്കിയ നിരക്കിലാണ് രണ്ടാമത്തെ ടെണ്ടർ ക്ഷണിച്ചത്. രണ്ടാമത്തെ ടെണ്ടറിൽ ലഭിച്ച കുറഞ്ഞ തുക എസ്റ്റിമേറ്റിനേക്കാൾ 9.5% അധിക നിരക്കിലാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായി വന്ന 9,50,000 രൂപ പൊതുമരാമത്ത് വകുപ്പ് നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ഇവിടെ റോഡ് നിർമ്മാണത്തിനു വേണ്ടി മാറ്റിയ 8 കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പ് ലൈൻ നാളിതുവരെയായി പുനസ്ഥാപിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പൊതുമരാമത്ത് വകുപ്പ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള റോഡ് വിപുലീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജല അതോറിറ്റിയുടെ കുട്ടമ്പുഴ ജലശുദ്ധീകരണശാല മുതൽ തട്ടേക്കാട് വരെയുള്ള 7241 മീറ്റർ പൈപ്പ് ലൈനിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കു വേണ്ടി 24.12.2020-ൽ പൊതുമരാമത്ത് വകുപ്പ് 1,18,30,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. മേൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ അനിവാര്യത പരിഗണിച്ച് ഒന്നാം ഘട്ടമായി 740 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടാം ഘട്ടമായി ബാക്കി 6501 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. ഇതിനകം കേരള വാട്ടർ അതോറിറ്റി പൈപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് പുതുക്കിയ നിരക്കിലാണ് രണ്ടാമത്തെ ടെണ്ടർ ക്ഷണിച്ചത്. രണ്ടാമത്തെ ടെണ്ടറിൽ ലഭിച്ച കുറഞ്ഞ തുക എസ്റ്റിമേറ്റിനേക്കാൾ 9.5% അധിക നിരക്കിലാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായി വന്ന 9,50,000 രൂപ പൊതുമരാമത്ത് വകുപ്പ് നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതാണ്. |
| (സി) | ഇവിടെ മാറ്റിയ പൈപ്പ് ലൈൻ പുനസ്ഥാപിക്കാൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | പ്രവൃത്തിക്കുവേണ്ടി 24.12.2020-ൽ പൊതുമരാമത്ത് വകുപ്പ് 1,18,30,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ഡി) | കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ഇവിടെ വേഗത്തിൽ പൈപ്പുകൾ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഒന്നാം ഘട്ടമായി 740 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ അധിക തുക പൊതുമരാമത്ത് വകുപ്പ് നിക്ഷേപിക്കുന്ന മുറയ്ക്ക് പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ